II.ഇ.ബി. XII-കേരള നിയമസഭ/XI-13

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂലൈ 9, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

44 (*361) സ്കൂൾ കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യ പരിരക്ഷ

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ആരോഗ്യ പരിപാടികളുടെ ഭാഗമായി സ്കൂളുകളിലെ ഹെൽത്ത് ചെക്കപ്പ്, നേത്ര പരിശോധന, ദന്തപരിശോധന തുടങ്ങിയവയും സ്കൂൾ കുട്ടി കൾക്കുള്ള ഡി.റ്റി., റ്റി.റ്റി. പ്രതിരോധ കുത്തിവയ്പ്പുകൾ നൽകലും മറ്റ് ആരോ ഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളു ടേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടേയും നേതൃത്വത്തിൽ നടന്നു വരുന്നതായി സഭയെ അറിയിച്ചു. ജൂൺ, ജൂലൈ മാസങ്ങളിൽ മഴക്കാല രോഗ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ,. സ്കൂൾ അസംബ്ലിയിൽ സന്ദേശങ്ങൾ വായിക്കൽ, പ്രതിജ്ഞയെ ടുക്കൽ തുടങ്ങിയവയും നടന്നുവരുന്നുണ്ട്. കൂടാതെ എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ വിദ്യാലയ ആരോഗ്യ പരിപാടിയും നടപ്പി

ലാക്കി വരുന്നു. സംസ്ഥാനത്തൊട്ടാകെ 985 ഗവൺമെന്റ്/എയിഡഡ് വിദ്യാലയങ്ങളിൽ വിദ്യാലയ ആരോഗ്യ പരിപാടി ഈ വർഷം നടപ്പിലാക്കുന്നുണ്ട്. പത്തുലക്ഷത്തോളം വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ഇതുകൊണ്ടുള്ള പ്രയോജനം ലഭ്യമാകുന്നതാണ്. സംസ്ഥാനത്തെ ആരോഗ്യരക്ഷാ രംഗത്തെ സുപ്രധാനമായ ഒരു സംരംഭമാണ് ആരോഗ്യരേഖ. പദ്ധതിയുടെ പ്രധാന ലക്ഷ്യം ഓരോ വിദ്യാർത്ഥി/ വിദ്യാർത്ഥിനിയ്ക്കും സമഗ്ര ആരോഗ്യ വിവരങ്ങൾ അടങ്ങിയ സ്കൂൾ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ആരോഗ്യരേഖ നൽകുക എന്നതാണ്. ഇത് ജെ. പി. എച്ച്. എൻ. മാർ അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടേയും സഹായത്തോടെ ഡിവിഷൻ തലത്തിൽ പൂരിപ്പിച്ച് സ്കൂളിൽ സൂക്ഷിക്കുന്നതാണ്. ഇതിൽ കുട്ടിയുടെ പൊതുവിവരങ്ങളും ആരോഗ്യ സംബന്ധമായ അടിസ്ഥാന വിവരങ്ങളും കുടുംബാംഗങ്ങളുടെ ആരോഗ്യ-രോഗ വിവരങ്ങളും കായികക്ഷമതയും സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തിയിരിക്കും. കുട്ടികളുടെ ആരോഗ്യ സംബന്ധമായ ആധികാരികവും സമഗ്രവുമായ ഒരു രേഖയാണിത്. ആരോഗ്യ, വിദ്യാഭ്യാസ, തദ്ദേശ സ്വയംഭരണ, കായിക യുവജനക്ഷേമ വകുപ്പുകൾ സംയുക്തമായിട്ടാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി അദ്ധ്യയന വർഷത്തിൽ ഒരു സ്ക്രീനിംഗ് ക്യാമ്പും ഒരു സ്പെഷ്യൽ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുന്നതാണ്. മൈനസ് ടു- പ്ളസ് ടു എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലങ്ങളിലെ മുഴുവൻ വിദ്യാർത്ഥി/ വിദ്യാർത്ഥിനികളുടെയും ശാരീരികവും മാനസികവുമായ ആരോഗ്യസ്ഥിതി പരിശോധിച്ച് വിശദാംശങ്ങൾ രേഖപ്പെടുത്തി സമഗ്രമായ ഒരു ഹെൽത്ത് റെക്കോർഡാക്കി (TC and Health Record) സ്കൂളിൽ

സൂക്ഷിക്കുകയും കൂടുതൽ പരിശോധന ആവശ്യമായ കുട്ടികളെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾ വഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുകയും ചെയ്യുകയുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ വർഷം അന്ധരും ബധിരരുമായ കുട്ടികളെ പരിശോധിച്ച് അവർക്ക് ആവശ്യമായ കണ്ണടയും മറ്റും വാങ്ങിക്കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഒരു സ്കൂളിലെ 25 കുട്ടികൾക്ക് കാഴ്ചക്കുറവോ കേൾവിക്കുറവോ മറ്റ് മാനസിക പിരിമുറുക്കമോ ഉണ്ടെന്ന് അദ്ധ്യാപകർക്ക് തോന്നിയാൽ കുട്ടികളെ ഡോക്ടറെ കാണിക്കാനുള്ള സൗകര്യംകൂടി ഈ സംവിധാനത്തിലുണ്ട്. ഫിസിക്കലി ആന്റ് മെന്റലി റിട്ടാർഡഡ് ആയിട്ടുള്ള എല്ലാവർക്കുംവേണ്ടി ഒരു ജില്ലാതല ടീമിനെ എംപാനൽ ചെയ്തിട്ടുണ്ട്. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി എം.എസ്.ഡബ്ളിയു. ബിരുദം നേടിയ ആളുകളുടെ നേതൃത്വത്തിൽ 363 ഹൈസ്കൂളുകളിൽ കൗൺസിലിംഗ് നടത്തുന്നതിന് നാലുകോടി രൂപ വിനിയോഗിക്കുകയാണ്. ഇത് ഘട്ടംഘട്ടമായി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. സ്കൂളുകളിൽനിന്നും പാസ്സൗട്ട് ആകുന്ന ബോണ്ടഡ് സ്റ്റാഫിനെ ഉപയോഗിച്ചാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഇൻവോൾവ്മെന്റാണ് കൂടുതലുള്ളത്. കുട്ടികളുടെ മാനസിക പിരിമുറുക്കം പരിഹരിക്കുന്നതിന് തിരുവനന്തപുരം മാനസികാശുപത്രിയുമായി ബന്ധപ്പെട്ട് ഒരു ഫോൺ-ഇൻ-പ്രോഗ്രാം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കുട്ടികളെ അനാശാസ്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ചീഫ് ജസ്റ്റിസ് മുൻകയ്യെടുത്ത് കൊച്ചിയിൽ സൈബർ ക്രൈം എഗേൻസ്റ്റ് ഗേൾസ് ആന്റ് വുമൺ എന്ന പരിപാടിക്ക് തുടക്കം കുറിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. സ്ത്രീകൾക്കും

കുട്ടികൾക്കുമെതിരെയുള്ള അതിക്രമം തടയുന്നതിന് നിയമം ഭേദഗതി ചെയ്യുന്ന കാര്യം ആലോചിച്ചു വരുന്നു. ട്രൈബൽ മേഖലയിലെ കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കുവേണ്ടി പ്രത്യേകമായ ചില പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അടുത്ത നാലഞ്ച് വർഷംകൊണ്ട് കേരളത്തിലെ എല്ലാ പെൺകുട്ടികൾക്കും ആവശ്യമായ പരിശീലനവും ബോധവൽക്കരണവും ലഭിക്കുന്നതാണ്. സ്കൂളുകളുടെ നിർദ്ദേശിക്കപ്പെട്ട ദൂരപരിധിക്കുള്ളിൽ മയക്കുമരുന്നും ലഹരി പദാർത്ഥങ്ങളും വിൽക്കുന്നത് തടയാൻ വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സോഷ്യൽ സെക്യൂരിറ്റി മെഷേഴ്സിന്റെ ഭാഗമായി വെറ്റിലക്കൊല്ലിയിൽ ആദിവാസികൾക്ക് ഭക്ഷണം പാകം ചെയ്ത് എത്തിച്ചുകൊടുക്കുന്നുണ്ട്. വയനാട്ടിലും ഇടുക്കിയിലും കണ്ണൂരിന്റെ ചില ഭാഗങ്ങളിലും നിലമ്പൂരിലും ഈ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി വിദ്യാഭ്യാസ വകുപ്പിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മാനസിക വളർച്ചയില്ലാത്ത കുട്ടികൾക്കുവേണ്ടി പ്രവർത്തനം നടത്തുന്ന ഒരു സ്ഥാപനത്തിന് പത്തുകോടി രൂപ നീക്കിവച്ച് ഇന്ന് വിതരണം ചെയ്യുകയാണെന്ന് മന്ത്രി വ്യക്തമാക്കി.

45 (*362) <u>കെൽട്രോണിന്റെ പുനരുദ്ധാരണവും വികസനവും</u>

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, കെൽട്രോണിന്റെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ സ്ഥാപനങ്ങളുമായി കെൽട്രോണിനുള്ള കുടിശ്ശിക, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം നടപ്പാക്കുന്നതിനായി 57.85 കോടി രൂപയും സബ്സിഡിയറി കമ്പനികളുടെ പുനരുദ്ധാരണത്തിനായി നാലുകോടി രൂപയും നൽകിയിട്ടുണ്ടെന്ന് സഭയെ

അറിയിച്ചു. കെൽട്രോണിൽ വി.ആർ.എസ്. നടപ്പാക്കാനായി KIRF Board-ൽ നിന്നും വായ്പയെടുത്ത തുകയുടെ പലിശയായ 8.70 കോടി രൂപ സർക്കാർ ഉപേക്ഷിക്കുകയും സർക്കാർ വായ്പയുടെ പലിശ 1-4-2006 മുതൽ 5 വർഷത്തേയ്ക്ക് മരവിപ്പിക്കുകയും 11.80 കോടി രൂപ share money pending allotment ആക്കി മാറ്റുകയും ചെയ്തു. 'വിഷൻ പ്ലാൻ' തയ്യാറാക്കാൻ ഒരു കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. Pneumatic Products, System spares for Control Instrumentation, Sonaar Array, Personal Computer, Equipment for Physically handicapped, PCB Assembly for Electronic Energy Meter, Traffic Signal Products, Products for ISRO, DRDO, Pressure Transducers, IDCU Surveillance Security Systems, Defence Products, PBGM, EM Log & RTU, XBT Probe, Echo Sounder, UWT, UPS, Charger, Voters Identity Cards, Ration Card, Disability Cards, Idendity Card for Norka എന്നിവയാണ് കെൽട്രോൺ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ. 2009-10 സാമ്പത്തിക വർഷത്തിൽ ഇതുവരെ കെൽട്രോണിന് 78.47 കോടി രൂപയുടെ ഓർഡർ ലഭിച്ചിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബെൽ അവരുടെ പങ്കാളികളായി കെൽട്രോണിനെ തെരഞ്ഞെടുത്തതുമൂലം കെൽട്രോണിന് കൂടുതൽ ഓർഡറുകൾ ലഭിക്കുകയുണ്ടായി. പ്രതിരോധരംഗത്തെ ഗവേഷണ സ്ഥാപനമായ കൊച്ചിയിലെ NPOL-ന് വേണ്ടി ബെൽ നിർമ്മിച്ചു നൽകുന്ന Sonar systems ഉൾപ്പെടെ പല പ്രതിരോധ ഉപകരണങ്ങളുടെയും

Outsourcing Agency ആയി നിന്ന് കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും കഴിയും. പ്രതിരോധ ഉൽപ്പന്നങ്ങളുടെ ഓർഡർ നേടാൻ കെൽട്രോണിന് കഴിയുന്നുണ്ട്. കഴിഞ്ഞ രണ്ടുവർഷ കാലയളവിൽ പ്രതിരോധ വകുപ്പിൽ നിന്നും 35.40 കോടി രൂപയുടെ ഓർഡർ ലഭിച്ചിട്ടുണ്ട്. പ്രവർത്തന രഹിതമായിരുന്ന തൃശൂർ മുളങ്കുന്നതുകാവിലെ കെൽട്രോൺ ഡിവൈസസ് റെക്ടിഫയേഴ്സിന്റെ രണ്ട് യൂണിറ്റുകൾ ഹൈക്കോടതി ലിക്വിഡേഷനിലായിരുന്നത് തിരിച്ചുകിട്ടാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 26-07-2002-ലെ ഉത്തരവനുസരിച്ച് കെൽട്രോൺ കൗണ്ടേഴ്സ് കേരള ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷനിലേയ്ക്ക് അബ്സോർബ് ചെയ്യുകയും പ്രസ്തുത യൂണിറ്റിന്റെ സ്ഥലം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ സ്റ്റഡീസിന് കൈമാറുകയും ചെയ്തു. ഈ ഗവൺമെന്റ് വന്നശേഷം ലിക്വിഡേഷനിലായ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് പ്രതിമാസം ആയിരം രൂപ ഇടക്കാലാശ്വാസമായി നൽകിയിട്ടുണ്ട്. ശമ്പള പരിഷ്ക്കരണത്തിനുള്ള ചർച്ചകൾ രണ്ടാഴ്ചയ്ക്കകം പൂർത്തിയാകും. കെൽട്രോണിന്റെ കണ്ണൂർ യൂണിറ്റിൽ നിർമ്മിക്കുന്ന കപ്പാസിറ്റേഴ്സിന്റെ വ്യാജപതിപ്പ് മാർക്കറ്റിൽ ലഭ്യമാകുന്നത് തടയുന്നതിന് പോലീസിന്റെ സഹായത്തോടുകൂടി നടപടി സ്വീകരിക്കും. സുരക്ഷാ സംവിധാനമായി കടലിനടിയിൽ ഉപയോഗിക്കാൻ കഴിയുന്ന സോണാർ അരേ എന്ന ഉപകരണത്തിന് പ്രതിരോധ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ ഉപകരണം ഉൽപ്പാദിപ്പിക്കുന്നതിന് അരൂർ, കുറ്റിപ്പുറം യൂണിറ്റുകൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. അഞ്ചു വർഷത്തിനുള്ളിൽ ആയിരം കോടി രൂപയുടെ ടേൺ ഓവർ നേടുകയെന്നുള്ള ലക്ഷ്യം. നേടുന്നതിനായി ഏണസ്റ്റ്

യംഗ് എന്ന കൺസൾട്ടൻസിയെ ഗവൺമെന്റ് നിയോഗിച്ചിട്ടുണ്ട്. സ്കൂളുകളിൽ കെൽട്രോൺ വിതരണം ചെയ്ത കമ്പ്യൂട്ടറുകൾ തകരാറിലായത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് സർവ്വീസിംഗ് ലഭ്യമാക്കുന്നതിന് കർശന നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

46(*363) <u>മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണ നിയമം</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 24-09-2008-ലെ ഉത്തരവ് പ്രകാരം മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടേയും സംരക്ഷണ നിയമം 2008 സെപ്തംബർ 24 മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനായി 2009-ലെ കേരള മെയിന്റനൻസ് ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് റൂൾസ് അംഗീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നിയമത്തിൽ നിഷ്ക്കർഷിച്ച പ്രകാരമുള്ള മെയിന്റനൻസ് ഓഫീസർമാർ, മെയിന്റനൻസ് ട്രിബ്യൂണൽ, അപ്പലേറ്റ് ട്രിബ്യൂണൽ എന്നിവരെ നിയമിക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്. 5-12-2006-ൽ വയോജന നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും 26-6-2007-ലെ ഉത്തരവുപ്രകാരം സംസ്ഥാന വയോജന കൗൺസിൽ രൂപീകരിച്ചിട്ടുണ്ടെന്നും ജില്ലാതല വയോജന കൗൺസിൽ രൂപീകരിക്കാനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ടെന്നും സഭയെ മന്ത്രി അറിയിച്ചു. ഈ ഗവൺമെന്റ് വന്നശേഷം വൃദ്ധജനങ്ങളുടെ ചികിത്സാ ധനസഹായം 300 രൂപയായും വാർദ്ധക്യകാല പെൻഷൻ 250 രൂപയായും

ഭക്ഷണത്തിനുള്ള ധനസഹായം 750 രൂപയായും വർദ്ധിപ്പിക്കുകയും എല്ലാ ജില്ലാ ആശുപത്രികളിലും ജെറിയാട്രിക് കെയർ വാർഡുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2897 മുതൽ 3151 വരെയുള്ള ചോദ്യങ്ങളിൽ 126 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)